**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4718** **19-03-2025 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിലെ കുടിവെള്ള കണക്ഷനുവേണ്ടിയുള്ള അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ മണ്ഡലത്തിൽ കുടിവെള്ള കണക്ഷനുവേണ്ടി നിലവിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നുള്ള വിവരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് ലഭ്യമാക്കാമോ; | (എ) | ആലത്തൂർ മണ്ഡലത്തിൽ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ eTapp പ്രാബല്യത്തിൽ വന്നത് മുതൽ ആകെ 1477 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ 1405 എണ്ണം JJM കണക്ഷനും ബാക്കി 72 എണ്ണം eTapp വഴി നൽകിയിട്ടുള്ളതുമാകുന്നു. 2025-ൽ കുഴൽമന്ദം സെക്ഷനു കീഴിൽ തേൻകുറിശ്ശി പഞ്ചായത്തിൽ 7 എണ്ണം, കുഴൽമന്ദം പഞ്ചായത്തിൽ 39 എണ്ണം എന്നിങ്ങനെയാണ് കുടിവെള്ള കണക്ഷന് വേണ്ടി ലഭിച്ചിട്ടുള്ള അപേക്ഷകൾ. |
| (ബി) | നിലവിലെ അപേക്ഷകളിൽ വാട്ടർ കണക്ഷൻ നൽകുവാൻ സാധിക്കാത്ത അപേക്ഷകളുടെ എണ്ണം എത്രയാണെന്നും അതിന്റെ കാരണം എന്താണെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് ലഭ്യമാക്കാമോ? | (ബി) | കിഴക്കഞ്ചേരി പഞ്ചായത്തിൽ 15 എണ്ണം കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ ഇല്ലാത്തതിനാൽ വാട്ടർ കണക്ഷൻ നൽകാൻ കഴിയാത്തവയാണ്. കൂടാതെ 11 അപേക്ഷകൾ അപേക്ഷകർ കണക്ഷൻ തുക അടക്കാത്തതിനാൽ കണക്ഷൻ നൽകിയിട്ടില്ല.<br><br>തേൻകുറിശ്ശി പഞ്ചായത്തിൽ 13 അപേക്ഷകളിലും കുഴൽമന്ദം പഞ്ചായത്തിൽ 2 അപേക്ഷകളിലും കണക്ഷൻ നൽകുവാൻ സാധിച്ചിട്ടില്ല. ഉപഭോക്താക്കൾ വിവിധ കാരണങ്ങളാൽ കണക്ഷൻ തുക അടക്കാത്തതിനാൽ ആണ് കണക്ഷൻ നൽകാത്തത്. |

സെക്ഷൻ ഓഫീസർ